# കേരള സർക്കാർ

ധനകാര്യ വകുപ്പ് - പണം കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് അനുവദിച്ചിരുന്ന സ്പെഷ്യൽ അലവൻസ് നിർത്തലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പി. ആർ.സി - ബി) വകുപ്പ്

സ.ഉ. (അച്ചടി) നം. 82/2017/ധന തീയതി, തിരുവനന്തപുരം 21/06/2017.

പരാമർശം :- 1. 16/12/1978 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് ജി.ഒ(പി) നം. 860/78/ധന
2. 02/02/1980 ലെ 11/പി.ആർ.സി- 3/80/(168)/ധന നമ്പർ സർക്കുലർ

## ഉത്തരവ്

മേൽ പരാമർശങ്ങൾ പ്രകാരം സാമ്പത്തിക വർഷം ശരാശരി ഒരു ലക്ഷത്തിൽ കൂടുതൽ പണം കൈകാര്യം ചെയ്യുന്നതിന്റെ (ചെക്ക്, ഡ്രാഫ്റ്റ്, രസീത്, ATM ഒഴികെ) അടിസ്ഥാനത്തിൽ പണം കൈകാര്യം ചെയ്യുന്ന ക്ലാർക്കിനും ട്രഷറി ഡ്യൂട്ടി ചെയ്യുന്ന പ്യൂണിനും സ്പെഷ്യൽ അലവൻസ് അനുവദിച്ചിരുന്നു. എന്നാൽ നിലവിൽ ഭൂരിഭാഗം സർക്കാർ ഉദ്യോഗസ്ഥരും ബാങ്ക്/ട്രഷറി മുഖാന്തരമാണ് ശമ്പളം വാങ്ങുന്നതെന്നും 2272 ഉദ്യോഗസ്ഥർ ടി സ്പെഷ്യൽ അലവൻസ് വാങ്ങുന്നതായും സ്പാർക്ക് അഡ്മിനിസ്ട്രേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ആഫീസുകളിൽ അധിക തോതിൽ പണം കൈകാര്യം ചെയ്യുന്ന സാഹചര്യം നിലവിൽ ഇല്ലാത്തതിനാൽ പരാമർശം 2 പ്രകാരം അനുവദിച്ചിരുന്ന സ്പെഷ്യൽ അലവൻസ് 01/04/2017 മുതൽ നിർത്തലാക്കി ഉത്തരവാകുന്നു.

ഇ-ഓഫീസ് വഴി തെറ്റായി ജനറേറ്റ് ചെയ്ത 29/05/2017-ലെ സ.ഉ.(പി) നം. 243/2017/ധന എന്ന ഉത്തരവിന്റെ നമ്പർ റദ്ദാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മാത്യു. പി. കോശി
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Rehunath

അക്കൗണ്ട്സ് ഓഫീസർ